പദ്ധതിയുടെ ആധാര വിതരണവും നടന്നു. തദവസരത്തിൽ 382 പേർക്ക് ആധാരം തിരികെ നൽകുകയുണ്ടായി. അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും ജൂലായ് മാസത്തിൽ ജില്ലാ അടിസ്ഥാനത്തിൽ രേഖകൾ വിതരണം ചെയ്യാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കൊല്ലം ജില്ലയിലെ പ്രൊമോട്ടർമാർ

136 (4198) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര പ്രൊമോട്ടർമാരെ തെരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) പ്രസ്തുത തെരഞ്ഞെടുപ്പിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രസ്തുത തെരഞ്ഞെടുപ്പ് നടന്നത് സുതാര്യമായിട്ടല്ല എന്നതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 80 പട്ടികജാതി പ്രൊമോട്ടർമാരെ തെരഞ്ഞെടുത്തിരുന്നു. ഇവരിൽ 6 പേർ പല കാരണങ്ങളാൽ ജോലി വിട്ടു പോയി.

(ബി) പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ വിജ്ഞാപനം പുറപ്പെടുവിച്ച് നിശ്ചിത തീയതി വച്ച് അപേക്ഷകൾ ക്ഷണിക്കുകയും, അപേക്ഷ സമർപ്പിച്ചവരിൽ നിശ്ചിത യോഗ്യതയുള്ളവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രൊമോട്ടർമാരെ തെരഞ്ഞെടുത്തത്.

(സി) പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇരിങ്ങാലക്കുട മണ്ഡലത്തിൽ മന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നും ലഭിച്ച തുക

137 (4200) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സമുദായക്ഷേമ മന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നും നാളിതുവരെ എത്ര തുക ചികിത്സാധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly